**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം .3310      14.07.2015 ൽ മറുപടിക്ക്

**ചോദ്യം**      **ഉത്തരം**

ശ്രീ.എസ്. രാജേന്ദ്രൻ      **ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

**ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവും പദ്ധതി ഇതര ചെലവും**

| | | |
|---|---|---|
| (എ) | 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവിലും പദ്ധതി ഇതര ചെലവിലും എത്ര ശതമാനം വീതം ചെലവഴിക്കാതിരുന്നിട്ടുണ്ടെന്ന് വിശദമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ട പദ്ധതി ചെലവിൽ 40.97% വും പദ്ധതി ഇതര ചെലവിൽ 8.13% വും ചെലവഴിക്കാതിരുന്നിട്ടുണ്ട്. |
| (ബി) | ഏറ്റവും കൂടുതൽ ശതമാനം ചെലവഴിക്കൽ നടന്നിട്ടില്ലാത്ത അഞ്ച് പദ്ധതിചെലവ് മേഖല ഏതെല്ലാമായിരുന്നു; ഈ പദ്ധതികൾക്ക് ലക്ഷ്യമിട്ടിരുന്ന തുക എത്ര; ചെലവഴിക്കാൻ കഴിയാതിരുന്ന തുകയുടെ ശതമാനവും തുകയും എത്ര; വ്യക്തമാക്കുമോ; | പദ്ധതിചെലവ് സംബന്ധിച്ച വകുപ്പ് തിരിച്ചുള്ള കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ ശതമാനം ചെലവഴിക്കൽ നടന്നിട്ടില്ലാത്ത അഞ്ച് വകുപ്പുകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ലക്ഷ്യമിട്ട നികുതികൾ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടായിരുന്നെങ്കിൽ പദ്ധതി ചെലവ് നൂറ് ശതമാനവും നടപ്പിലാക്കുവാൻ സാധിക്കുമായിരുന്നുവോ? | ഇല്ല. ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ ഘടകങ്ങൾ പദ്ധതി നിർവഹണത്തെ സ്വാധീനിക്കുന്നുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

**പദ്ധതി ഇനത്തിൽ കൂടുതൽ ശതമാനം ചെലവഴിക്കൽ നടന്നിട്ടില്ലാത്ത 5 വകുപ്പുകൾ**

| ക്രമ നം. | വകുപ്പ് | പദ്ധതി | | | |
|---|---|---|---|---|---|
| | | തുക കോടിയിൽ | | | |
| | | വകയിരുത്തിയിരുന്ന തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ കഴിയാതിരുന്ന തുക | ചെലവഴിക്കാത്തതിന്റെ ശതമാനം |
| 1 | റവന്യൂ | 81.88 | 13.81 | 68.07 | 83.13 |
| 2 | തദ്ദേശ സ്വയം ഭരണം | 1880.6 | 455.73 | 1424.87 | 75.77 |
| 3 | ആസൂത്രണം | 306.14 | 107.98 | 198.16 | 64.73 |
| 4 | ഭക്ഷ്യ പൊതുവിതരണ വകുപ്പ് | 39.16 | 10.96 | 28.2 | 72.01 |
| 5 | പരിസ്ഥിതി | 35 | 8.89 | 26.11 | 74.60 |

അക്കൗണ്ട്സ് ഓഫീസർ